DESPATCHED
On 02/06/2020

13/03/2020

3

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

## ഹർജി നമ്പർ A.P. No.2081(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.13341/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

## ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ.. എ.എൻ.ജെ. പൊറിഞ്ചു.
അറക്കൽ നെല്ലിശ്ശേരി വീട്,
വാർഡ് നം.4, വീട് നം.609, ജി.വി.എച്ച്.എസ്.എസിന് സമീപം
വലപ്പാട്, തൃശ്ശൂർ – 680 567.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& അണ്ടർ സെക്രട്ടറി
   ആരോഗ്യ കുടുംബ ക്ഷേമ(എ) വകുപ്പ്,
   സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

2. അപ്പീൽ അധികാരി & ഡപ്യൂട്ടി സെക്രട്ടറി
   ആരോഗ്യ കുടുംബ ക്ഷേമ(എ) വകുപ്പ്,
   സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.05.2015, 17.06.15 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.06.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.06.2015,29.07.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.08.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11.08.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02.09.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23. 09.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 13.03.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എ.എൻ.ജെ. പൊറിഞ്ചു കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലായെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്നും ടിയാനുണ്ടായ മാനസിക പീഡനത്തിനും മനോവേദനക്കും മനോ സമ്മർദ്ദത്തിനും പരിഹാരമായി 50,000/- രൂപ എതിർകക്ഷിയിൽ നിന്നും ഈടാക്കി നഷ്ട പരിഹാരമായി നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സർക്കാർ ഡോക്ടർ ആർ. പ്രഭുദാസിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ നൽകണമെന്നാണ്.
മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഡോ.പ്രഭുദാസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നതിലേക്കായി ടിയാനെതിരായ കോടതി കേസുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പു ഡയറക്ടർക്കും വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോ പാലക്കാട് മുമ്പാകെയുള്ള കേസിന്റെ തത്സ്ഥിതി അറിയിക്കുവാൻ വിജിലൻസ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വിവരവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഹർജിക്കാരന് നൽകുന്നുവെന്നുമാണ്.

രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വലപ്പാട് ഗ്രാമ പഞ്ചായത്തു സെക്രട്ടറി മുഖാന്തിരം അപ്പീൽ

സമർപ്പിച്ചിരുന്നുവെന്നും ആയതു തീർപ്പാക്കി മറുപടി നൽകിയിട്ടുണ്ടെന്നും അതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നുവെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ലായെന്നും രണ്ടാം എതിർകക്ഷിയുടെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിനൊപ്പം യാതൊരു രേഖയും ഉൾക്കൊള്ളിച്ചിരുന്നില്ലെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും ടിയാനുണ്ടായ കഷ്ട നഷ്ടങ്ങൾക്ക് നഷ്ട പരിഹാരം നൽകണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നതായി കാണുന്നു. മേൽപ്പടി മറുപടി പൂർണ്ണവും വ്യക്തവുമായിരുന്നില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് ഡോ.പ്രഭുദാസിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങളായിരുന്നു. ആയതിന് മറുപടിയായി ഹർജിക്കാരനെ അറിയിച്ചത്, ഡോ.ആർ. പ്രഭുദാസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നതിലേക്കായി കോടതി കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പു ഡയറക്ടർക്കും വിജിലൻസ് വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കി ഹർജിക്കാരന് പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകേണ്ടതായിരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും

ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവു കൈപ്പറ്റി 20 ദിവസങ്ങൾക്കകം നിലവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരന് വ്യക്തമായി നൽകണമെന്നും ടിയാന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഡോ.പ്രഭുദാസിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പൂർണ്ണമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരന്റെ രണ്ടാം എതിർകക്ഷി മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിരുന്നില്ലാ യെന്നായിരുന്നു. എന്നാൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നു എന്നു കാണിച്ചാണ് മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കിയത് എന്നു കാണുന്നു. ആയതിൽ കമ്മീഷൻ അപാകതയൊന്നും കാണുന്നില്ല.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി നൽകാത്തതുമൂലം ഹർജിക്കാരനുണ്ടായ കഷ്ട നഷ്ടങ്ങൾ സംബന്ധിച്ച് യുക്തമായ നഷ്ട പരിഹാരം വേണമെന്ന ഹർജിക്കാരന്റെ അപേക്ഷ പരിഗണനാർഹമല്ലെന്ന് കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കാത്തതുമൂലം ടിയാന് ഗൗരവതരമായ എന്തെങ്കിലും കഷ്ടനഷ്ടങ്ങളുണ്ടായതായി ടിയാന്റെ അപേക്ഷയിൽ നിന്ന് കമ്മീഷന് ബോധ്യമാകുന്നില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള ആവശ്യം കമ്മീഷൻ നിരാകരിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം . ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 13–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)